*പൊതു വിദ്യാഭ്യാസ ഡയറക്ടറുടെകാര്യാലയം,*
*ഹയർസെക്കണ്ടറി വിഭാഗം,*
*ഹൗസിങ് ബോർഡ് ബിൽഡിംഗ്,*
*തിരുവനന്തപുരം-1*

നംബർ. **ICT Cell/1771/1/DGE-HSS/2021** **03/11/2021**

# സർക്കുലർ

**വിഷയം: പ്ലസ്‌വൺ സ്കൂൾ/കോമ്പിനേഷൻ ട്രാൻസ്ഫറിനായുള്ള വേക്കൻസി പ്രസിദ്ധീകരണം, അപേക്ഷ സമർപ്പണം സംബന്ധിച്ച് :നിർദ്ദേശങ്ങൾ**

**സൂചന: : ഇതേ നമ്പറിൽ 2021 ഒക്ടോബർ 30 ലെ സർക്കുലർ**

ഒന്നാം സപ്ലിമെൻററി അലോട്ട്മെൻറിനുശേഷമുള്ള വേക്കൻസിയോടൊപ്പം മാർജിനൽ സീറ്റ് വർദ്ധനവിലൂടെ ലഭ്യമാകുന്ന സീറ്റുകളും ചേർത്തുള്ള സ്കൂൾതല വേക്കൻസി സ്കൂൾ / കോമ്പിനേഷൻ ട്രാൻസ്ഫർ അലോട്ട്മെൻറിനായി **2021** നവംബർ **5** ന് പ്രസിദ്ധീകരിക്കുന്നതാണ്. ഇതുവരെ ഏകജാലക സംവിധാനത്തിൽ മെരിറ്റ് ക്വാട്ടയിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് ട്രാൻസ്ഫറിന് അപേക്ഷിക്കാവുന്നതാണ്. പ്രവേശനം നേടിയ ജില്ലയ്ക്കകത്ത് സ്കൂൾ മാറ്റത്തിനോ , കോമ്പിനേഷൻ മാറ്റത്തോടെയുള്ള സ്കൂൾ മാറ്റത്തിനോ, സ്കൂളിലെ മറ്റൊരു കോമ്പിനേഷനിലേയ്ക്കൊ ക്യാൻഡിഡേറ്റ് ലോഗിനിലെ Apply for School/Combination Transfer എന്ന ലിങ്കിലൂടെ ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഒന്നാം ഓപ്ഷനിൽ പ്രവേശനം നേടിയവർ, വിഭിന്നശേഷി വിഭാഗത്തിലുള്ള അപേക്ഷകർ ( അധിക സീറ്റ് സൃഷ്ടിച്ച് അലോട്ട്മെൻറ് അനുവദിച്ചിട്ടുള്ളതിനാൽ) എന്നി

വിഭാഗത്തിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് സ്കൂൾ/കോമ്പിനേഷൻ ട്രാൻസ്ഫറിന് അപേക്ഷിക്കാൻ സാധിക്കുകയില്ല.

വിദ്യാർത്ഥികൾക്ക് പ്രവേശനം നേടിയ സ്കൂളിൽ തന്നെ മറ്റൊരു കോമ്പിനേഷനിലേക്കോ, മറ്റൊരു സ്കൂളിലെ അതേ കോമ്പിനേഷനിലേക്കോ മറ്റൊരു സ്കൂളിലെ മറ്റൊരു കോമ്പിനേഷനിലേക്കോ അപേക്ഷ നൽകാം.മാറ്റം ആവശ്യപ്പെടുന്ന സ്കൂളോ കോമ്പിനേഷനോ വിദ്യാർത്ഥി ആദ്യം സമർപ്പിച്ച അപേക്ഷയിൽ ഓപ്ഷനായി ആവശ്യപ്പെട്ടിരിക്കണമെന്നില്ല. ഒന്നിലധികം സ്കൂളുകളിലേയ്ക്കും കോമ്പിനേഷനുകളിലേയ്ക്കും മാറ്റത്തിനായി ഓപ്ഷനുകൾ നൽകാവുന്നതാണ്. മുൻഗണന ക്രമത്തിലാണ് ഓപ്ഷനുകൾ നൽകേണ്ടത്. മാറ്റം ലഭിച്ചാൽ പ്രവേശനം നേടാൻ താൽപ്പര്യമുള്ള സ്കൂളുകളും കോമ്പിനേഷനുകളും മാത്രം വിദ്യാർത്ഥികൾ ഓപ്ഷനായി നൽകുക. സ്കൂൾ മാറ്റം ലഭിച്ചാൽ വിദ്യാർത്ഥി നിർബന്ധമായും പുതിയ സ്കൂളിലേയ്ക്ക് മാറണം. പ്രസിദ്ധീകരിക്കുന്ന ഒഴിവുകൾ കൂടാതെ സ്കൂൾ/കോമ്പിനേഷൻ മാറ്റങ്ങൾ മൂലമുണ്ടാകുന്ന ഒഴിവുകളിലേയ്ക്കും വിദ്യാർത്ഥികൾ അപേക്ഷ നൽകിയിട്ടുള്ള പക്ഷം മാറ്റം അനുവദിക്കും. അതായത് വിദ്യാർത്ഥി മാറ്റം ആഗ്രഹിക്കുന്ന ഏതൊരു സ്കൂളിലേയ്ക്കും നിലവിൽ ഒഴിവുകളില്ലെങ്കിലും അപേക്ഷ നൽകാവുന്നതാണ്.പ്രസ്തുത സ്കൂളിൽ നിന്നും ഏതെങ്കിലും വിദ്യാർത്ഥി സ്കൂൾ മാറ്റത്തിലൂടെ പോകുന്ന ഒഴിവു വന്നാൽ ആ ഒഴിവിലേയ്ക്ക് മുകളിൽ സൂചിപ്പിച്ച അപേക്ഷ പരിഗണിക്കും.

ക്യാൻഡിഡേറ്റ് ലോഗിനിലെ “Apply for School/Combination Transfer” എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ ദൃശ്യമാകുന്ന ഓപ്ഷനുകൾ ചേർക്കാനുള്ള ബോക്സിൽ വിദ്യാർത്ഥി മാറ്റത്തിനായി ഉദ്ദേശിക്കുന്ന സ്കൂളുകളും കോമ്പിനേഷനുകളും മുൻഗണനാ ക്രമത്തിൽ സെലക്ട് ചെയ്ത്

സബ്മിറ്റ് ചെയ്യുക.സ്കൂൾ ട്രാൻസ്ഫറും കോമ്പിനേഷൻ ട്രാൻസ്ഫറും ഒരുമിച്ചായിരിക്കും പ്രോസസ് ചെയ്യുന്നത്.

സ്കൂൾ/കോമ്പിനേഷൻ മാറ്റങ്ങൾ അനുവദിച്ച ശേഷം നിലവിലുള്ള ഒഴിവുകളുടെ വിശദാംശങ്ങൾ 2021 നവംബർ 17 ന് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. ഈ ഒഴിവുകളിലേയ്ക്ക് അപേക്ഷ നൽകിയിട്ടും അലോട്ട്മെൻറ് ലഭിക്കാത്തവർക്ക് വീണ്ടും പരിഗണിക്കപ്പെടുന്നതിനായി അപേക്ഷ പുതുക്കി നൽകാം. അപേക്ഷ പുതുക്കുന്നതിനോടൊപ്പം നിലവിലുള്ള ഒഴിവുകളുടെ അടിസ്ഥാനത്തിൽ ഓപ്ഷനുകളും പുതുക്കി നൽകാം.രണ്ടാം സപ്ലിമെൻററി അലോട്ട്മെൻറിനെ സംബന്ധിക്കുന്ന കൂടുതൽ നിർദ്ദേശങ്ങൾ പിന്നാലെ പുറപ്പെടുവിക്കുന്നതാണ്.

സ്കൂൾ/കോമ്പിനേഷൻ ട്രാൻസ്ഫറിനുള്ള ഓപ്പൺ വേക്കൻസി വിവരങ്ങൾ **2021 നവംബർ 5 ന് രാവിലെ 9 മണിയ്ക്ക്** പ്രസിദ്ധീകരിക്കുന്നതാണ്. സ്കൂൾ/കോമ്പിനേഷൻ ട്രാൻസ്ഫറിനുള്ള അപേക്ഷകൾ കാൻഡിഡേറ്റ് ലോഗിനിലൂടെ **2021 നവംബർ 5 ന് രാവിലെ 10 മണി മുതൽ 2021 നവംബർ 6 ന് വൈകിട്ട് 4 മണിവരെ** ഓൺലൈനായി സമർപ്പിക്കാവുന്നതാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**